**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 336** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** 2024-25 വർഷത്തെ ബജറ്റിൽ രണ്ടു കോടി രൂപ അനുവദിച്ച ചാവക്കാട് പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ചാവക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമാണത്തിനായി 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളതനുസരിച്ച് 450 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും, നിലവിൽ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ സാധിക്കുകയില്ല എന്നും ആയതിനാൽ വ്യവസ്ഥകൾക്ക് വിധേയമായി പോലീസ് വകുപ്പിന്റെ പ്രവർത്തനപരമായ അക്കൗണ്ട്സ് ഹെഡുകൾക്ക് കീഴിലുള്ള ബജറ്റ് പ്രൊവിഷൻ ഉപയോഗിച്ച് ഈ സാമ്പത്തിക വർഷത്തേക്ക് (2026-27) ജോലി മാറ്റി വയ്ക്കണമെന്നും തീരുമാനിച്ചിരുന്നു. ഇതനുസരിച്ച്, സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**